"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് കോട്ടയം ജില്ലാ ഓഫീസ് ഷിഫ്റ്റ് ചെയ്തതുമായി ബന്ധപ്പെട്ട ചെലവുകൾക്ക് തുക അനുവദിച്ച നടപടി സാധൂകരിച്ചുകൊണ്ടും ബാക്കി തുക ചെലവഴിക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.130/2025/P&EA തീയതി,തിരുവനന്തപുരം, 26-03-2025

---

പരാമർശം:- 1. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ 29.05.2023-ലെ ഡിഇഎസ്/1610/2023-എസ്.പി 1 നമ്പർ നടപടിക്രമം.

2. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ 15.11.2023-ലെ ഡിഇഎസ്/1610/2023-എസ്.പി 1 നമ്പർ കത്ത്.

**ഉത്തരവ്**

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് കോട്ടയം ജില്ലാ ഓഫീസ് ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയറ്റ് മന്ദിരത്തിലേക്ക് മാറ്റിയതുമായി ബന്ധപ്പെട്ട ചെലവുകൾ ക്കായി 50,000/- രൂപ മുൻകൂറായി അനുവദിച്ച് ഉത്തരവായ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ പരാമർശം 1 ലെ നടപടിക്രമം സാധൂകരിക്കുന്നതിനും ഷിഫ്റ്റിംഗ് ചാർജ്ജിനത്തിൽ ചെലവായ അവശേഷിക്കുന്ന തുകയായ 65,022/- രൂപ 3454-02-111-89-00-05-04-P-V ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്നും സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർ പരാമർശം 2 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് കോട്ടയം ജില്ലാ ഓഫീസ് ജില്ലാ ആസൂത്രണ സമിതി

സെക്രട്ടേറിയറ്റ് മന്ദിരത്തിലേക്ക് മാറ്റിയതുമായി ബന്ധപ്പെട്ട ചെലവുകൾക്കായി 50,000/- രൂപ മുൻകൂറായി അനുവദിച്ച സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ പരാമർശം 1 ലെ നടപടിക്രമം സാധൂകരിച്ചു കൊണ്ടും ബാക്കി തുകയായ 65,022/- രൂപ 3454-02-111-89-00-05-04-P-V ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മനോജ് കെ എസ്

അണ്ടർ സെക്രട്ടറി

1. ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
3. ധനകാര്യ വകുപ്പ് (നം.2702566 : EXP-B3/37/2024-FIN)
4. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ)
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി (File No: PLGEA-B3/3/2024-PLGEA)

ഉത്തരവിൻ പ്രകാരം

Signed by
Anu Surendran
Date: 27-03-2025 10:30:13

സെക്ഷൻ ഓഫീസർ